പതിമൂന്നാം കേരള നിയമസഭ
<u>പതിനൊന്നാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :7118 — 11.07.2014 ൽ മറുപടി നൽകേണ്ടത്

ഭൂരഹിതകേരളം പദ്ധതി പ്രകാരം ചാത്തന്നൂർ നിയോജകമണ്ഡല പരിധിയിൽ നിന്നും ലഭിച്ച അപേക്ഷകൾ

| ചോദ്യം | <u>ഉത്തരം</u> |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ഭൂരഹിതകേരളംപദ്ധതി പ്രകാരം ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ പരിധിയിൽ നിന്നും ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നത്; ഈ അപേക്ഷകൾ പരിശോധിച്ചതിൽ എത്ര പേർക്ക് പദ്ധതിപ്രകാരം ഭൂമി ലഭിക്കുവാൻ അർഹതയുണ്ടെന്ന് കണ്ടെത്തിയെന്ന് അറിയിക്കുമോ; | എ)'ഭൂരഹിതരില്ലാത്ത കേരളംപദ്ധതി' പ്രകാരം ചാത്തന്നൂർ നിയമസഭാ നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിൽ ആകെ 1906 അപേക്ഷകളാണ് ലഭിച്ചത്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ചതിൽ 1797 കുടുംബങ്ങൾ ഭൂമി ലഭിക്കുന്നതിന് അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) അർഹതപ്പെട്ട അപേക്ഷകരിൽ എത്ര പേർക്ക് നാളിതുവരെ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്; ശേഷിക്കുന്ന അപേക്ഷകർക്ക് ഭൂമി നൽകുവാൻ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | ബി) "ഭൂരഹിതരില്ലാത്ത കേരളം" പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ചാത്തന്നൂർ നിയമസഭാ നിയോജകമണ്ഡലത്തിൽ നിന്നും അർഹരായ 38 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ഭൂരഹിത കുടുംബങ്ങൾക്ക് രണ്ടാം ഘട്ടത്തിൽ തന്നെ ഭൂമി നൽകുന്നതിനുള്ള കർമ്മ പരിപാടികൾക്ക് രൂപം നൽകിവരുന്നു. |

C.K.V. Kumar
സെക്ഷൻ ഓഫീസർ